പതിമൂന്നാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1955</u> <u>17.03.2015 ൽ മറുപടിക്ക്</u>

<u>സംസ്ഥാനത്ത് വളർന്നുവരുന്ന വിവിധ മാഫിയ സംഘങ്ങൾ</u>

| <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| എ) | സംസ്ഥാനത്ത് വളർന്നുവരുന്ന ബ്ലേഡ് മാഫിയ, ഭൂമാഫിയ, പെൺവാണിഭ മാഫിയ, മണൽ മാഫിയ, പാറഖനന മാഫിയ, മനുഷ്യക്കടത്ത്, അന്യസംസ്ഥാനത്തു നിന്നും കുട്ടികളെ കടത്തിക്കൊണ്ടുവരുന്ന കടത്തു മാഫിയ എന്നിവ കൂടി വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം 2011 ജൂൺ മുതൽ 2015 ഫെബ്രുവരി വരെ ഓരോ വർഷവും രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളുടെ കണക്ക് തരം തിരിച്ച് ലഭ്യമാക്കുമോ; | (ബി) അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (സി) | ഇതിൽ എത്ര കേസ്സുകളിൽ പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ട്, എത്ര കേസ്സുകളിൽ പ്രതികളെ അറസ്റ്റു ചെയ്യുവാനുണ്ട്; തരം തിരിച്ച് വ്യക്തമാക്കുമോ | (സി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു |
| (ഡി) | ഇത്തരം കേസ്സുകളിൽ ഉൾപ്പെട്ട ആഭ്യന്തര വകുപ്പ് ജീവനക്കാർ, മറ്റു സർക്കാർ - അർദ്ധ സർക്കാർ - പൊതുമേഖല - സ്വകാര്യമേഖല ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ; | (ഡി) ആകെ 2 പേർ ഉൾപ്പെട്ടിട്ടുണ്ട്. 2014 ൽ ആഭ്യന്തര വകുപ്പിലെ ജീവനക്കാരനായ സിവിൽ പോലീസ് ഓഫീസർ സലിം സക്കറിയയും (കൊല്ലം സിറ്റി ജില്ല) 2013 ൽ സ്വകാര്യ മേഖലയിലെ ഒരു ജീവനക്കാരിയായ അഡ്വ. ആശാലത കമ്മത്തും (കാസറഗോഡ് ജില്ല) |
| (ഇ) | ഇത്തരം മാഫിയകളെ നിയന്ത്രിക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഇ) 'ഓപ്പറേഷൻ കുബേര', 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാംപസ്', 'ഓപ്പറേഷൻ തണൽ' തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി ഇത്തരം മാഫിയകളെ നിയന്ത്രിക്കാൻ കർശനമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

| | 18.05.2011 മുതൽ 31.12.2011 വരെ | 2012 | 2013 | 2014 | 01.01.2015 മുതൽ 28.02.2015 വരെ |
|---|---|---|---|---|---|
| ബ്ലേഡ് മാഫിയ | 4 | 43 | 86 | 332 | 10 |
| ഭൂ മാഫിയ | 0 | 0 | 0 | 0 | 0 |
| പെൺവാണിഭ മാഫിയ | 0 | 0 | 1 | 0 | 0 |
| മണൽ മാഫിയ | 25 | 16 | 0 | 2 | 0 |
| പാറഖനന മാഫിയ | 0 | 0 | 0 | 0 | 0 |
| മനുഷ്യക്കടത്ത് | 0 | 1 | 2 | 4 | 0 |
| അന്യസംസ്ഥാനത്തു നിന്നും കുട്ടികളെ കടത്തിക്കൊണ്ടുവരുന്ന മാഫിയ | 0 | 0 | 0 | 0 | 0 |

സെക്ഷൻ ഓഫീസർ

അനുബന്ധം II

| | പ്രതികളെ അറസ്റ്റ് ചെയ്ത കേസുകളുടെ എണ്ണം | പ്രതികളെ അറസ്റ്റ് ചെയ്യുവാനുള്ള കേസുകളുടെ എണ്ണം |
|---|---|---|
| ബ്ലേഡ് മാഫിയ | 421 | 37 |
| ഭൂ മാഫിയ | 0 | 0 |
| പെൺവാണിഭ മാഫിയ | 1 | 0 |
| മണൽ മാഫിയ | 43 | 0 |
| പാറഖനന മാഫിയ | 0 | 0 |
| മനുഷ്യക്കടത്ത് | 5 | 0 |
| അന്യസംസ്ഥാനത്തു നിന്നും കുട്ടികളെ കടത്തിക്കൊണ്ടുവരുന്ന മാഫിയ | 0 | 0 |

സെക്ഷൻ ഓഫീസർ